(സി) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ, എം.എൽ.എ., ശ്രീ. സി. റ്റി. അച്യുതൻ, സെക്രട്ടറി, കേരളാ സ്റ്റേറ്റ് കർഷകതൊഴിലാളി യൂണിയൻ, തിരുവല്ലാ താലൂക്ക് കമ്മിറ്റി, ജില്ലാ സംരക്ഷണ സമിതിക്കുവേണ്ടി വർക്കിംഗ് പ്രസിഡന്റ് ശ്രീ. ജേക്കബ് വർഗ്ഗീസ് എന്നിവരിൽ നിന്നാണ് നിവേദനങ്ങൾ ലഭിച്ചിട്ടുള്ളത്.

(ഡി, ഇ & എഫ്) പുല്ലാട് സീഡ്ഫാമിന്റെ മദ്ധ്യഭാഗത്തുള്ള 4.32 ഹെക്ടർ സ്വകാര്യഭൂമി മണ്ണിട്ട് നികത്തുന്നതുമൂലം അത് ഫാമിനെ ദോഷകരമായി ബാധിക്കുന്നുവെന്നും ഇതിനെതിരെ നടപടി കൈക്കൊള്ളണമെന്നും 17-5-1996-ൽ തന്നെ പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ തിരുവല്ല കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എങ്ങനെയാണെന്ന് കാണിച്ച് വിശദമായ ഒരു റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കാൻ 30-6-1999-ൽ പത്തനംതിട്ട ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനിടെ ഫാമിന്റെ മധ്യഭാഗത്തുകിടക്കുന്ന സ്വകാര്യ വ്യക്തിയുടെ 4.05 ഹെക്ടർ സ്ഥലം ഫാമിന്റെ നിലനില്പിനെതിരെയുള്ള ഭീഷണി തടയുന്നതിലേക്കായി അക്വയർ ചെയ്യണമെന്ന കൃഷി ഡയറക്ടറുടെ നിർദ്ദേശം (കത്ത് നം.ടി. എച്ച് (1) 34265/96 തീയതി 25-6-1999) 18-8-1999 ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ കളക്ടറിൽനിന്നും ആവശ്യപ്പെട്ട വിശദമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ഇക്കാര്യം പരിശോധിക്കാനാവൂ. അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കാനായി പത്തനംതിട്ട ജില്ലാ കളക്ടറോടും പ്രിൻസിപ്പൽ കൃഷി ഓഫീസറോടും ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്നതനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) ഇതു പരിശോധിക്കുകയും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യും.

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ മരാമത്ത് പണികൾക്ക് ചെലവായ തുക

154 (1209) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ 1997 ജനുവരി 1 മുതൽ ഇതുവരെ മരാമത്ത് പണികൾക്കായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഫാമിംഗ് കോർപ്പറേഷന് ആശുപത്രി കെട്ടിടവും ചുറ്റുമതിലും പണിയുന്നതിന് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ അടങ്കൽ തുക എത്രയായിരുന്നു ;

(ഡി) ഈ കാലയളവിൽ കോർപ്പറേഷൻ എന്തു തുകയ്ക്കുള്ള സെൻട്രിഫ്യൂജിംഗ് മാറ്റുകളും ഒട്ടുകറയും വിറ്റുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇവയുടെ വിൽപ്പനയ്ക്ക് വില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ ;

(എഫ്) കോർപ്പറേഷന്റെ ചുമതലയിൽ ഉള്ള തിരുവനന്തപുരം റബ്ബർവർക്ക്സ് നടത്തിപ്പിൽ ഇതുവരെ എന്തു നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) കോർപ്പറേഷന്റെ മരാമത്ത് പണികളിലും റബ്ബർ വില്പനയിലും വ്യാപകമായി അഴിമതി നടന്നതായി തൊഴിലാളിസംഘടനകൾ ആരോപണമുന്നയിച്ചിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ഐ) എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) 486. 63 ലക്ഷം രൂപ

(ബി) 106. 08 ലക്ഷം രൂപ

(സി) 80 ലക്ഷം രൂപ

(ഡി) 24,22,59,659 രൂപ

(ഇ) സെൻട്രിഫ്യൂജ് ലാറ്റക്സിന്റെ വില നിശ്ചയിക്കുന്നത് ഡയറക്ടർ ബോർഡിന്റെ സബ് കമ്മിറ്റിയാണ്. ഒട്ടുകറ പരസ്യലേലം മുഖാന്തിരമാണ് വിൽക്കുന്നത്.

(എഫ്) തിരുവനന്തപുരം റബ്ബർ വർക്സ്, 1994 ൽ ഫാമിംഗ് കോർപ്പറേഷൻ ഏറ്റെടുത്തതുമുതൽ 31-3-1999 വരെ 434 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) ഉണ്ട്.

(ഐ) സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരളയിലെ മരാമത്ത് പണികളെ സംബന്ധിച്ച് ശ്രീ. ബി. ആർ നജീബ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ഉന്നയിച്ചിരുന്ന ആരോപണങ്ങളിന്മേൽ ധനകാര്യ (ഇൻസ്പെക്ഷൻവിംഗ്) വകുപ്പിനെക്കൊണ്ട് വിശദമായ അന്വേഷണം നടത്തുകയുണ്ടായി. പരാതിയിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ അടിസ്ഥാന രഹിതവും കഴമ്പില്ലാത്തതാണെന്നും അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്.

മലബാർ മാർക്കറ്റ് കമ്മിറ്റിയിൽനിന്ന് റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ

155 (1210) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മാർക്കറ്റ് കമ്മിറ്റിയിൽനിന്ന് റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ മാസങ്ങളായി മുടങ്ങിയിരിക്കുന്ന കാര്യം ഗവൺമെന്റിനറിയാമോ ;

(ബി) എങ്കിൽ പെൻഷൻ വിതരണം മുടങ്ങാനുണ്ടായ കാരണം വിശദമാക്കാമോ ;

(സി) മലബാർ മാർക്കറ്റ് കമ്മിറ്റി ജീവനക്കാരെ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിയമിക്കുന്നതിനും പെൻഷൻകാർക്ക് പെൻഷൻ മുടങ്ങാതിരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly